*നം. ഇ.എക്സ്.എ6/26002/2019/സി.ജി.ഇ*

*പരീക്ഷാകമ്മീഷണറുടെ കാര്യാലയം,*
*പരീക്ഷാഭവൻ, പൂജപ്പുര,*
*തിരുവനന്തപുരം- 695 012*
*തീയതി: 12/04/2021*

# <u>സർക്കുലർ</u>

വിഷയം:- 2020 നടന്ന ഒന്നും രണ്ടും വർഷ എൻ.റ്റി.ഇ.സി. പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ **പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി** എന്നിവയ്ക്കുള്ള അപേക്ഷ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 09/12/2019-ാം തീയതിയിലെ ഇ.എക്സ്/എച്ച്(3)/21427/2019/സി.ജി.ഇ. നമ്പർ വിജ്ഞാപനം.
2) 23/01/2020 തീയതിയിലെ ജി.ഒ.(ആർ.റ്റി) നം.446/2020/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.

..........

മേൽ സൂചന (2) അനുസരിച്ച് പരീക്ഷാഭവൻ 2020 മാർച്ച് മുതൽ നടത്തുന്ന നഴ്സറി ടീച്ചർ എഡ്യൂക്കേഷൻ കോഴ്സ് പരീക്ഷ എഴുതുന്നവർക്ക് നിലവിൽ ഉണ്ടായിരുന്ന ഉത്തരക്കടലാസുകളുടെ സൂക്ഷ്മ പരിശോധനക്കു പുറമെ പുന:മൂല്യനിർണ്ണയം നടത്തുന്നതിനും ഫോട്ടോകോപ്പി ലഭിക്കുന്നതിനും വേണ്ടി അപേക്ഷിക്കുവാൻ അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരം 2020 നടന്ന ഒന്നും രണ്ടും വർഷ എൻ.റ്റി.ഇ.സി. പരീക്ഷ എഴുതിയവർക്കും ഒന്നാം വർഷത്തെ പേപ്പറുകൾ പ്രൈവറ്റായി അല്ലെങ്കിൽ റീ അപ്പിയറൻസ് ആയി എഴുതിയ പരീക്ഷാർത്ഥികൾക്ക് ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവക്ക് അപേക്ഷിക്കാവുന്നതാണ്. പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് ആയതിനുള്ള ഓൺലൈൻ അപേക്ഷകൾ പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ **<u>http://ntecexam.kerala.gov.in</u>** ൽ **16.042021** മുതൽ **20.04.2021** വൈകുന്നേരം 4 മണി വരെ **NTECEXAM 2020 Revaluation/Photocopy/Scrutiny applications** എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. പരീക്ഷാർത്ഥികൾ രജിസ്ട്രേഷൻ നടത്തിയതിന്റെ പ്രിൻഔട്ടും അപേക്ഷാ ഫീസും അതാത് ***പ്രീപ്രൈമറി ട്രെയിനിംഗ് സെന്ററിലെ പ്രിൻസിപ്പൽ മുമ്പാകെ*** **20.04.2021-ന്** വൈകുന്നേരം അഞ്ചുമണിക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്. ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് പേപ്പർ **ഒന്നിന് 400/- രൂപ, ഫോട്ടോകോപ്പിക്ക് 200/- രൂപ, സ്ക്രൂട്ടിണിക്ക് 50/- രൂപ** എന്ന നിരക്കിലാണ് ഫീസ് അടക്കേണ്ടത്. പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ സ്ക്രൂട്ടിണിക്കുവേണ്ടി പ്രത്യേകം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതില്ല. ചീഫ് സൂപ്രണ്ടുമാർ പരീക്ഷാർത്ഥികളിൽ നിന്നും ലഭിച്ച അപേക്ഷയുടെ പ്രിന്റൗട്ട് ഓൺലൈനിൽ **21.04.2021** ന് വൈകിട്ട് 5 മണിക്ക് മുമ്പായി വെരിഫൈ ചെയ്യേണ്ടതും ഫീസ് പണമായി സ്വീകരിച്ച് അപേക്ഷകർക്ക് രസീത് നൽകേണ്ടതുമാണ്. <u>**20.04.2021** ന് ശേഷം ലഭിക്കുന്നതും അപൂർണ്ണവുമായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പ്രിൻസിപ്പൽമാർ സ്വീകരിക്കുവാൻ പാടുള്ളതല്ല. പ്രിൻസിപ്പൽമാർ ഓൺലൈനായി വെരിഫൈ ചെയ്യാത്ത അപേക്ഷകൾ റീവാല്യൂവേഷൻ, സ്ക്രൂട്ടണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല.</u>

പുനർമൂല്യനിർണ്ണയം നടത്തിയതിനെ തുടർന്ന് ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് പരീക്ഷാർത്ഥിക്ക് തിരികെ നൽകുന്നതാണ്. **<u>ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി ലഭിച്ചതിനു ശേഷം പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുവാൻ അർഹതയില്ല.</u>** എന്നാൽ മൂല്യനിർണ്ണയം ചെയ്യാത്ത ഉത്തരങ്ങൾ സ്കോറുകൾ കൂട്ടിയതിലുള്ള പിശകുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിച്ചു കിട്ടുന്നതിന് പരീക്ഷാഭവൻ സെക്രട്ടറിയ്ക്ക് അപേക്ഷ നൽകാവുന്നതാണ്.

## പ്രിൻസിപ്പൽമാർക്കുള്ള ചുമതലകൾ

അപേക്ഷകരിൽ നിന്നും പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ സ്വീകരിച്ച ഫീസ്, ഗ്രേഡ് മാറ്റംമൂലം തിരികെ നൽകിയ തുക മുതലായ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ഓരോ പി.പി.റ്റി.റ്റി.ഐ കളിലും സൂക്ഷിക്കേണ്ടതും ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്. പരീക്ഷാർത്ഥിക്ക് പുനർമൂല്യ നിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് തിരികെ നൽകേണ്ടതാണ്. 28/09/2012-ാം തീയതിയിലെ സർക്കാർ ഉത്തരവ് നം.4611/2012/പൊ.വി.വ. പ്രകാരം ഉത്തര കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ നിന്നും പുനർമൂല്യനിർണ്ണയം നടത്തിയതനുസരിച്ച് ഗ്രേഡിൽ മാറ്റം വന്ന കേസുകൾക്കുള്ള തുക ബന്ധപ്പെട്ട പരീക്ഷാർത്ഥികൾക്ക് തിരിച്ചു നൽകിയതിനു ശേഷം ബാക്കിയുള്ള തുക പ്രഥമാദ്ധ്യാപകർ **"0202-01-102-99 Other receipts"** എന്ന കണക്കു ശീർഷകത്തിൽ ചെലാൻ മുഖേന അടക്കേണ്ടതും ആയതിന്റെ ഫോട്ടോകോപ്പി (സ്വയം സാക്ഷ്യപ്പെടുത്തിയത്) റീവാല്യുവേഷൻ റിസൾട്ട് പ്രസിദ്ധീകരിച്ച് അഞ്ച് ദിവസത്തിനകം ടി ഓഫീസിലെ **cgeasection@gmail.com** എന്ന ഇ-മെയിൽ അഡ്രസ്സിലേക്ക് അയച്ചുതരേണ്ടതാണ്. പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി ഇനങ്ങളിലായി ശേഖരിക്കുന്ന ഫീസ് തുക യാതൊരു കാരണവശാലും റീവാല്യുവേഷൻ റിസൾട്ട് പ്രസിദ്ധീകരിച്ച് അഞ്ച് ദിവസത്തിനുശേഷം കൈവശം സൂക്ഷിക്കുവാൻ പാടുള്ളതല്ല. പ്രസ്തുത തീയതിയ്ക്കകം തുക അടക്കുന്നതിൽ വീഴ്ചവരുത്തുന്നവരിൽ നിന്നും 18% പലിശ സഹിതം തുക ഈടാക്കുന്നതും ബന്ധപ്പെട്ടവരുടെ പേരിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ വാർഷിക പരിശോധനയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ പരീക്ഷാ സെന്ററിൽ നിന്നും പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് അപേക്ഷകർ ഇല്ലായിരുന്നെങ്കിൽ അക്കാര്യം വ്യക്തമാക്കി ഒരു ശൂന്യറിപ്പോർട്ടും മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ പി.പി.റ്റി.റ്റി.ഐ പ്രിൻസിപ്പൽമാർ പരീക്ഷാഭവനിലേക്ക് അയക്കേണ്ടതാണ്.

**സെക്രട്ടറി**

പകർപ്പ്:-

1) എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
2) എല്ലാ പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽമാർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
3) സിസ്റ്റം മാനേജർ (പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) കരുതൽ ഫയൽ.